# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY 16 | 2019 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidhanam2019@gmail.com


### മലചവിട്ടി അയ്യനെ വണങ്ങാൻ രാജപ്രതിനിധിയെത്തി

ആചാരങ്ങൾ പാലിച്ച് രാജപ്രതിനിധി മൂലംനാൾ രാഘവ വർമയും പരിവാരങ്ങളും മല ചവിട്ടി അയ്യപ്പദർശനം നടത്തി. വൈകുന്നേരം ശരംകുത്തിയിൽ എത്തിയ രാജപ്രതിനിധിയെ വാദ്യമേളം, ചങ്ങലവിളക്ക് എന്നിവയുടെ അകമ്പടിയോടെ ആനയിച്ചു. രാജപ്രതിനിധി നടപ്പന്തലിന്റെ മുന്നിലെത്തി ദേവസ്വം പ്രതിനിധിയിൽനിന്ന് ചുരിക സ്വീകരിച്ച് പകരം മു ും വസ്ത്രവും സമ്മാനിച്ചു. മേൽശാന്തി നൽകിയ നാളികേരം ഉടച്ചതിനുശേഷം പതിനെട്ടാംപടി കയറി ചുരിക സോപാനപ്പടയിൽ സമർപ്പിച്ച് അയ്യപ്പനെ വണങ്ങി. മേൽശാന്തി ചുരിക വിഗ്രഹത്തിന്റെ വലതുഭാഗത്ത് വച്ചതോടെ അയ്യപ്പൻ തിരുവാഭരണം പൂർണമായും അണിഞ്ഞു. മേൽശാന്തി ശംഖിൽനിന്ന് തീർഥവും സ്വർണത്തളികയിൽ പ്രസാദവും നൽകി.

ദക്ഷിണയായി പിടിപ്പണം സമ്മാനിച്ചു. ഈ സമയം ആചാരപ്രകാരം രാജപ്രതിനിധിയും പരിവാരങ്ങളും മാത്രമെ അവിടെ ഉ ായിരുന്നുള്ളൂ. ഉപദേവന്മാർ, ഗണപതി, നാഗരാജാവ് എന്നീ ദേവതപ്രതിഷ്ഠകളെ ദർശനം നടത്തി മാളികപ്പുറത്തേക്ക് പല്ലക്കിൽ പോയി. തുടർന്നുള്ള ദിവസങ്ങളിലെ ദർശനത്തിനും പൂജകൾക്കും രാജപ്രതിനിധി എത്തിയതിന് ശേഷം മാത്രമേ നട അടയ്ക്കുകയുള്ളൂ. 20ന് രാജപ്രതിനിധിക്ക് മാത്രമാണ് ദർശനമു ാവുക.

(പി.ആർ. ശബരി-486)

## സന്നിധാനത്ത് ഇന്നലെയും വൻതിരക്ക്

മണ്ഡലകാല ദർശനത്തിനുശേഷവും സന്നിധാനത്ത് ഇന്നലെ (ജനുവരി 16) വലിയ തിരക്ക് അനുഭവപ്പെട്ടു. തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള അയ്യപ്പഭക്തരാണ് എണ്ണത്തിൽ കൂടുതൽ. ഗുരുസ്വാമിമാർക്കൊപ്പം കുഞ്ഞയ്യപ്പന്മാരും കുഞ്ഞുമാളികപ്പുറങ്ങളും കൗതുകത്തോടെ മലചവിട്ടാനെത്തിയിരുന്നു എന്നതും പ്രത്യേകതയായി.

(പി.ആർ. ശബരി-487)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 16 | 2019 |

## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidhanam2019@gmail.com


## നട അടക്കാൻ ഇനി മൂന്ന് നാൾ കൂടി

മകരവിളക്ക് ഉത്സവം ഇനി മൂന്ന് നാൾ കൂടി. മകരസംക്രമ ഉത്സവത്തിനും തുടർന്നുള്ള മകരമാസ പൂജയ്ക്കും ശേഷം ശബരിമല നടഅടയ്ക്കാൻ ഇനി മൂന്ന് ദിവസം കൂടി. പതിനെട്ടാം തീയതി രാവിലെവരെ മാത്രമേ ഭക്തർക്ക് നെയ്യഭിഷേകം ചെയ്യാൻ സാധിക്കുകയുള്ളൂ. അന്നേ ദിവസം കളഭപൂജയു ്. പതിനെട്ടാം തിയ്യതിക്കുശേഷം നെയ്യഭിഷേകം ഉ ായിരിക്കുന്നതല്ലെന്ന് തന്ത്രി കണ്ഠര് രാജീവര് പറഞ്ഞു. 19-ാം തിയ്യതിയും പൂജകളെല്ലാം നടക്കും. 19ന് രാത്രി തിരുനട അടച്ചശേഷം മാളികപ്പുറത്തമ്മയുടെ സന്നിധിയിൽ ഗുരിതി നടക്കും. 20ാം തിയതി രാവിലെ രാജപ്രതിനിധിയ്ക്ക് മാത്രമേ പ്രത്യേക ദർശനം ഉ ാവുകയുള്ളൂ. അഭിഷേകവും ഗണപതിഹോമവും ഉ ാകും. തുടർന്ന് മേൽശാന്തി അയ്യപ്പവിഗ്രഹത്തിൽ ശിരോവസ്ത്രം അണിയിച്ച് കയ്യിൽ അമ്പും വില്ലും നൽകി രാജപ്രതിനിധിയുമായി കൂടിക്കാഴ്ച്ച ഒരുക്കും. സന്നിധാനത്തെ ചടങ്ങുകൾക്കുശേഷം രാജപ്രതിനിധി പമ്പയിൽ എത്തി തിരുവാഭരണത്തോടൊപ്പം യാത്രതുടരും. തിരുവാഭരണ മടക്കയാത്ര 22-ന് വൈകിട്ട് അഞ്ചിന് ആറന്മുള കൊട്ടാരത്തിൽ എത്തും. 23-ന് പുലർച്ചെ ആറന്മുളയിൽ നിന്നും പുറപ്പെട്ട് എട്ടോടെ പന്തളം കൊട്ടാരത്തിൽ എത്തും. തിരുവാഭരണം സ്രാമ്പിക്കൽ കൊട്ടാരത്തിലെ സുരക്ഷിത അറയിൽ സൂക്ഷിക്കും. രാജപ്രതിനിധി ക്ഷേത്രത്തിനു ചുറ്റും വലംവച്ച് ഉടവാളും അറയിൽ എ

ത്തിച്ചു മടങ്ങുന്നതോടെ മകരവിളക്ക് ഉത്സവത്തിന് സമാപനമാകും.

(പി.ആർ. ശബരി-488)



കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 16 2019



# ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidhanam2019@gmail.com

## വയലിനും വായ്പ്പാട്ടും- വീരമണിയുടെ കുടുംബത്തിൽ നിന്ന്

സന്നിധാനം ശ്രീശാസ്താ ഓഡിറ്റോറിയത്തിൽ ശുദ്ധശാസ്ത്രീയ സംഗീതത്തിന്റെ നറുമണം; വായ്പ്പാട്ടായും വയലിൻ സംഗീതമായും. ഹംസധ്വനി രാഗത്തിൽ ആദിതാളത്തിൽ വാതാപി ഗണപതിം വയലിൻ സംഗീതമായി പെയ്തിറങ്ങിയപ്പോൾ കേട്ടിരുന്ന ഭക്തർ ആ സംഗീതജ്ഞനെ തിരിച്ചറിഞ്ഞു. ആയിരത്തലധികം മലയാളം-തമിഴ് സിനിമാഗാനങ്ങൾക്ക് വയലിൻ മീട്ടിയ ചെന്നൈ സ്വദേശി ഡോ. മണിഭാരതി. തീർന്നില്ല അദ്ദേഹത്തിന്റെ വിശേഷണം. അയ്യപ്പഭക്തർ ഒരിക്കലും മറക്കാത്ത 'പള്ളിക്കെട്ട് ശബരിമലക്ക്' എന്ന പ്രശസ്തഗാനം ആലപിച്ച മാന്ത്രിക സംഗീതജ്ഞൻ വീരമണിയുടെ സഹോദരി പുത്രനാണ് ഡോ. മണിഭാരതി. അഞ്ഞൂറിലധികം അയ്യപ്പഭക്തിഗാനങ്ങൾക്ക് സംഗീതസംവിധാനം നിർവഹിച്ചു എന്നതും അദ്ദേഹത്തിന്റെ നേട്ടങ്ങളില ്. പിന്നീട് ഗണപതി സ്തുതി വായ്പ്പാട്ടായി എത്തി. ഗായകന്റെ പേര് സുഭാഷ് വീരമണി. വീരമണിയുടെ സഹോദരപുത്രൻ. തുടർന്ന് വായ്പ്പാട്ടിലും വയലിനിലുമായി ഭക്തർ നെഞ്ചിലേറ്റിയ അയ്യപ്പഗീതങ്ങൾ ഒഴുകി പരന്നു. മൃദംഗത്തിൽ പന്നീർശെൽവവും ഗഞ്ചിറയിൽ ബാസു സുബ്രഹ്മണ്യവും ഒന്നിനൊന്ന് മികച്ച് നിന്നു. പ്രശസ്തമായ മരുതമലൈ എന്ന ഗാനം വയലിനിൽ മുഴങ്ങിയപ്പോൾ സദസിൽനിന്ന് വൻകരഘോഷമുയർന്നു.

കഴിഞ്ഞ 30വര്‍ഷമായി മുടങ്ങാതെ ഇവര്‍ സന്നിധാനത്ത് സംഗീതാര്‍ച്ചനക്ക് എത്തുന്നു ്. വി. ദക്ഷിണാമൂര്‍ത്തി, എം.എസ്. വിശ്വനാഥന്‍, എം.ജി. രാധാകൃഷ്ണന്‍, രവീന്ദ്രന്‍, ജോണ്‍സണ്‍ തുടങ്ങിയ പ്രഗത്ഭമതികളായ സംഗീത സംവിധായകര്‍ക്കൊപ്പം പ്രവര്‍ത്തിച്ചിട്ടുള്ള ഡോ: മണിഭാരതി അവരുടെ വിയോഗം കനത്ത നഷ്ടമാണെന്നും അത്തരം പ്രതിഭകള്‍ ഇനി ഉ ാവുക അസംഭാവ്യമാണെന്നുമുള്ള അഭിപ്രായാവും പങ്കുവെച്ചു.

(പി.ആര്‍. ശബരി-489)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.